# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5112** — 22-05-2017 -ൽ മറുപടിക്ക്

### വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | എ) ബി) സി) | 10.10.2012-ലെ സ.ഉ(കൈ)നം.384/2012/ ഡി.എം.ഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് ഉപയോഗിക്കേണ്ടത്. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി മാത്രമാണ് മേൽ ഉത്തരവ് പ്രകാരം അനുവദനീയമായത്. |
| ബി) | റീ-ടാറിങ്ങ് പ്രവൃത്തികൾ മാത്രമാണോ ഈ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയുന്നത് ; | | |
| സി) | റോഡുകളുടെ കോൺക്രീറ്റ്/ഡ്രെയിനേജ്/ വൈഡനിങ്ങ് തുടങ്ങിയ പ്രവൃത്തികൾക്ക് ഈ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| ഡി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | ഡി) | ഇല്ല. കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സ.ഉ.(എം.എസ്) നം.194/2015/ഡി.എം.ഡി. തീയതി 20.05.2015 പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമാണ് പ്രകൃതിക്ഷോഭത്തിൽ / കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ